# ഫോണിൽ വിളിക്കൂ; തെങ്ങിന്റെ ചങ്ങാതിമാർ വീട്ടുമുറ്റത്ത്

**തേങ്ങയിടുവാനോ മറ്റ് അനുബന്ധ സേവനമോ ആവശ്യമുണ്ടോ, വിളിക്കൂ: 9496241100**



കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി, പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു തുടക്കം കുറിക്കുന്ന തെങ്ങിന്റെ ചങ്ങാതിമാർ നാളികേര സംരക്ഷണ പദ്ധതിയുടെ ഫ്ലാഗ് ഓഫ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, കലക്ടർ മിനി ആന്റണി, കെഎസ്എസ്എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് എന്നിവർ സമീപം.

കോട്ടയം ● കാർഷിക രംഗത്തെ അതിരൂക്ഷമായ തൊഴിലാളി ക്ഷാമത്തിന്റെ കാലത്ത് ഉദാത്തമായ ഒരു കാർഷിക മാതൃകാ സംരംഭവുമായി ലോക പരിസ്ഥിതിദിനത്തിൽ മുന്നോട്ടു വന്നിരിക്കുകയാണു കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി. തെങ്ങിന്റെ ചങ്ങാതിമാർ എന്ന പദ്ധതി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെയാണു നടപ്പിലാക്കുന്നത്.

തേങ്ങയിടുന്നതിനും തെങ്ങ് തെളിക്കുന്നതിനും മറ്റും ആളെ കിട്ടാത്ത അവസ്ഥയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് ലക്ഷ്യം.

നാളികേര സംരക്ഷണ സന്ദേശങ്ങളും തെങ്ങിന്റെ ദൃശ്യാവിഷ്കാരവുമായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന വാഹനത്തിലായിരിക്കും തെങ്ങിന്റെ ചങ്ങാതിമാർ വീടുകളിൽ എത്തുക. തേങ്ങയിടീൽ, തെങ്ങ് തെളിക്കൽ, തെങ്ങ് കയറ്റ പരിശീലനം, നാളികേര സംരക്ഷണ നിർദേശങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ ഇവരിൽനിന്നു ലഭിക്കും.

തെങ്ങ് കയറ്റ പരിശീലനം പൂർത്തിയാക്കിയ 143 പേരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 13 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംഘത്തിൽ വനിതകളും ഉണ്ട്. സ്വന്തം പുരയിടത്തിൽ തേങ്ങയിടുവാനോ ഇതര നാളികേര സംരക്ഷണ സേവനങ്ങളോ ആവശ്യമുണ്ടോ, വിളിക്കൂ 9496241100 എന്ന നമ്പരിൽ ഉടൻ തെങ്ങിന്റെ ചങ്ങാതിമാർ വീട്ടിൽ എത്തും.

പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡുമൊക്കെയായിട്ടായിരിക്കും ചങ്ങാതിമാരെത്തുന്നത്.

ലോക പരിസ്ഥിതി ദിനമായ ഇന്നു മുതൽ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതാണെന്ന് കെഎസ്എസ്എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അറിയിച്ചു.